"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മരിയാപുരം ഐ.റ്റി.ഐ. ഫർണീച്ചർ പ്രൊഡക്ഷൻ യുണിറ്റ് നിർമ്മിത ഫർണീച്ചർ ഉല്പന്നങ്ങൾക്ക് നിയന്ത്രിത ടെൻഡർ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്

സ.ഉ.(സാധാ) നം.145/2023/SPD തീയതി,തിരുവനന്തപുരം, 14-12-2023

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 994/2022/SCSTD dated 29.09.2022.

2. 04.11.2023 - ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ SCDD/3872/2022-T3(TECH) നം. കത്ത്.

ഉത്തരവ്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ വേണ്ടി വരുന്ന തടി ഫർണീച്ചറുകൾ മറ്റ് ഏജൻസികളിൽ നിന്നും വാങ്ങുന്നതിന് പകരം സമാന ഉല്പന്നങ്ങൾക്ക് പൊതു വിപണിയിലുള്ള വിലയുടെ ഏറ്റവും താഴ്ന്ന നിരക്കിൽ മരിയാപുരം ഐ.റ്റി.ഐ. ഫർണീച്ചർ പ്രൊഡക്ഷൻ യുണിറ്റിൽ നിന്ന് ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് സംഭരിക്കുന്നതിന് പരാമർശം 1 പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് അനുമതി നൽകിയിരുന്നു.

2) പ്രസ്തുത ഉത്തരവിന്റെ സാധുത 28.09.2023 - ന് അവസാനിച്ച സാഹചര്യത്തിൽ, ഇളവ് കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) - ലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ, എം.ആർ.എസ്.കൾ, ഐ.റ്റി.ഐ.കൾ, ബന്ധപ്പെട്ട മറ്റ് ഓഫീസുകൾ

എന്നിവിടങ്ങളിൽ മാത്രം, ആവശ്യം വരുന്ന തടി ഫർണിച്ചറുകൾ, സമാന ഉല്പന്നങ്ങൾക്ക് പൊതുവിപണിയിലുള്ള വിലയുടെ ഏറ്റവും താഴ്ന്ന നിരക്കിൽ മാത്രമേ വിപണനം നടത്താവു എന്ന നിബന്ധനക്കു വിധേയമായി, മരിയപുരം ഐ.റ്റി.ഐ. പ്രൊഡക്ഷൻ യൂണിറ്റിൽ നിന്ന് ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് സംഭരിക്കുന്നതിന്, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് പ്രത്യേകാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PRAMOD V R**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ് (ഫയൽ നം. SCSTDD-A1/368/2023-SCSTDD പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യു മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ